റാവു ബഹദൂർ ടി. കെ. നായർ: അതു് ഈ മെമ്പർതന്നെ നിഷേധിക്കുകയായിരിക്കും ഉത്തമം.

മിസ്റ്റർ എം. കെ. രാജ: ഗവമ്മെണ്ടിന്നു ബോദ്ധ്യമായിട്ടുണ്ടൊ ഇല്ലയൊ എന്നു നോട്ടീസുചെയ്യുന്നതിന്നു ഗവമ്മെണ്ടു് അതിനെ നിഷേധിക്കേണ്ടതല്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരു നോട്ടീസു ഗവമ്മെണ്ടിന്നു കിട്ടിയിട്ടില്ല.

ചെഴധരി ജി. എസ്സു്. ധാരാസിംഗ്: ഗവമ്മെണ്ടിന്നു ബോദ്ധ്യം വന്നിട്ടുണ്ടൊ ഇല്ലയൊ എന്നുള്ളതിന്നു ഗവമ്മെണ്ടിന്റെ ഒരു സ്റ്റെറ്റുമെൻറു് ആവശ്യമാണു്.

REVISION OF PAY OF TREASURY OFFICERS OF COCHIN-KANAYANNUR AND TRICHUR TALUKS—PROPOSAL REGARDING

223. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയംമറുപടി പറയുമൊ.—

(എ) കൊച്ചികണയന്നൂർ താലൂക്കിലേയും തൃശ്ശിവപേരൂർ താലൂക്കിലേയും ട്രഷറി ആപ്പീസ്സർമാരുടെ തസ്തിക ഡിവിഷണൽ ട്രഷറി ആപ്പീസ്സരുടേതാക്കി ൧൫൦ കു. മുതൽ ൨൦൦കു. വരെ ശമ്പളത്തിൽ ഉയർത്തുന്നതിന്നു വല്ല നിർദ്ദേശവും ഏതാണ്ടു് കൊല്ലത്തിന്നു മുൻപു് ഫിനാൻസു് കൺട്രോളർ ഗവമ്മെണ്ടിലേക്കു് സമർപ്പിക്കുകയുണ്ടായോ;

(ബി) ഉണ്ടായെങ്കിൽ അതേപ്പറ്റി എന്തു ഉത്തരവായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉണ്ടായി.

(ബി) പ്രസ്തുത നിർദ്ദേശം ഗവമ്മെണ്ടു് അംഗീകരിച്ചില്ല. ദിവാൻപേഷ്കാരുടെ ശുപാർശപ്രകാരം ട്രഷറിയിൽ ജോലി നോക്കുന്നതിന്നു കൂടുതൽ സ്റ്റാഫു് അനുവദിക്കുകയാണു ചെയ്തതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ട്രഷറിയിൽ വർദ്ധിച്ചുവന്ന ജോലിയെ പരിഗണിച്ചു ട്രഷറി ആഫീസർക്കു ശമ്പളം കൂട്ടണമെന്നാണൊ കൺട്രോളർ ശുപാർശ ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലി വർദ്ധിച്ചതിന്നു ക്ലാർക്കുമാരുടെ തസ്തിക വർദ്ധിപ്പിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ക്ലാർക്കുമാരെ വർദ്ധിപ്പിച്ചാൽ ട്രഷറി ആഫീസ്സരുടെ ജോലിക്കു കുറവു വരുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലി വർദ്ധിച്ചതിനെ പരിഗണിച്ചു് അദ്ദേഹത്തെ അസിസ്റ്റു ചെയ്യുന്നതിന്നു കൂടുതൽ ആളുകളെ വെച്ചുകൊടുത്തു.

RATIONING OF SUGAR—DETAILS REGARDING

224. മിസ്റ്റർ ആർ. എസ്സു്. തേവണ്ണഗൌണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) റേഷൻകാർഡുപ്രകാരം മുഴവൻ പഞ്ചസാരയും ഗവമ്മെണ്ടിൽനിന്നും വിതരണം ചെയ്യുന്നുണ്ടൊ;

(ബി) പകുതി വീതം കാർഡുകാർക്കു കൊടുത്തു ബാക്കിവരുന്ന പഞ്ചസാര കൂടുതൽ വിലക്കു വില്ക്കുന്നുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്തു വിലക്കാണു വിറ്റുവരുന്നതു്;

(ഡി) ഇപ്പോൾ ഗവമ്മെണ്ടിൽനിന്നും ഓത്തൽ മനുഷ്യർക്കു ൧൦ ണ. വീതം വിറ്റുവരുന്ന പഞ്ചസാര എതാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) റേഷൻ കാർഡുപ്രകാരം കിട്ടുവാൻ അവകാശപ്പെട്ട പഞ്ചസാരയിൽ കൂടുതലായി ആവശ്യപ്പെടുന്നവർക്കു കൂടുതൽ വില കൊടുക്കണമെന്ന നിയമമുണ്ടായിരുന്നു. കൂടുതൽ കൊടുക്കുന്നവർക്കു പ്രത്യേക കോട്ടയൊന്നുമില്ല. പൊതുവെയുള്ള കോട്ടയിൽനിന്നു തന്നെ അത്യാവശ്യമുള്ളവർക്കു കൊടുത്തുവരുന്നു. ഇങ്ങിനെ കൊടുക്കുന്ന പഞ്ചസാര വളരെ

LIBRARY ARCHIVES Kerala Legislative Assembly